# പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5543** **02.11. 2016 ൽ മറുപടിക്ക്**

**ഡ്യൂട്ടി സമയത്ത് അപകടത്തിൽപ്പെടുന്നവർക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.കെ.കെ.രാമചന്ദ്രൻ നായർ | ശ്രീ.കടകംപള്ളി സുരേന്ദ്രൻ<br>(വൈദ്യുതിയും ദേവസ്വവും വകുപ്പ് മന്ത്രി) |

| | |
|---|---|
| (എ) ഡ്യൂട്ടി സമയത്ത് അപകടത്തിൽപ്പെട്ട് മരിക്കുന്ന വൈദ്യുതി ബോർഡ് ജീവനക്കാർ, കരാർ തൊഴിലാളികൾ എന്നിവർക്ക് അടിയന്തര സഹായം ലഭ്യമാക്കാറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകട മരണം സംഭവിക്കുകയാണെങ്കിൽ സ്ഥിരം ജീവനക്കാർ കരാർ തൊഴിലാളികൾ എന്നിവരുടെ ആശ്രിതർക്ക് അടിയന്തിര സഹായമെന്ന നിലയിൽ ശവസംസ്കാര ചെലവിനായി 5,000/- രൂപ 1923-ലെ തൊഴിലാളി നഷ്ടപരിഹാരനിയമം അനുസരിച്ച് നല്കി വരുന്നു. കൂടാതെ സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് ദീർഘകാല കരാർ പ്രകാരം 2500 രൂപ കൂടി ശവസംസ്കാര ചെലവിനായി നൽകുന്നുണ്ട് ദാരുണമായ ചില അപകടങ്ങളിൽ ഒന്നിലധികം ജീവനക്കാർ / തൊഴിലാളികൾക്ക് അപകടമരണം / അതീവ കാഠിന്യമുള്ള പരിക്ക് ഏൽക്കുന്ന സാഹചര്യങ്ങളിൽ അടിയന്തിര ധനസഹായം അനുവദിക്കേണ്ടുന്നതിന്റെ ആവശ്യകത പരിശോധിച്ച് അടിയന്തിര ധനസഹായം അനുവദിക്കുന്നത് സംബന്ധിച്ച് ഉചിതമായ തീരുമാനം എടുത്തു വരുന്നു. പരിക്കുകൾ പറ്റുന്ന കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിലെ ജീവനക്കാർ/ തൊഴിലാളികൾക്ക് ചികിത്സ നല്കുന്ന ആശുപത്രിയിലെ ഡോക്ടർ/സ്പെഷ്യലിസ്റ്റ് നിയമാനുസൃതമായ രീതിയിൽ certify ചെയ്ത ചികിത്സയ്ക്കായി ആവശ്യപ്പെടുന്ന തുക മെഡിക്കൽ അഡ്വാൻസ് ആയി അടിയന്തിരമായി നല്കി വരുന്നു. കൂടാതെ എംപ്ലോയീസ് വെൽഫെയർഫണ്ടിൽ നിന്നും അടിയന്തിര ധനസഹായമായി 50,000/- രൂപ പിന്നീട് അനുവദിക്കപ്പെടുന്ന മരണാനന്തര ആനുകൂല്യമായ 5,00,000/- രൂപയിൽ നിന്നും നൽകി വരുന്നു. |
| ബി) ഡ്യൂട്ടി സമയത്ത് അപകടത്തിൽ മരിക്കുന്നവർക്കും അപകടത്തിൽപ്പെട്ട് കിടക്കുന്ന | (ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് കീഴിൽ ജോലിയിൽ ഏർപ്പെട്ടിരിക്കുമ്പോൾ അപകട മരണം സംഭവിക്കുകയാണെങ്കിൽ സ്ഥിരം ജീവനക്കാർ, തൊഴിലാളികൾ |

| | |
|---|---|
| വൈദ്യുതി ബോർഡ് കരാർ ജീവനക്കാർക്കും എന്തെല്ലാം ആനുകൂല്യങ്ങളാണ് ബോർഡ് നൽകുന്നത് എന്ന് വിശദീകരിക്കാമോ; | എന്നിവരുടെ ആശ്രിതർക്ക്കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിന്നും നിലവിലെ വ്യവസ്ഥകൾ പ്രകാരം അനുവദിക്കുന്ന നഷ്ടപരിഹാരം ചുവടെ ചേർക്കുന്നു.<br><br>I. <u>ബോർഡ് ജീവനക്കാർക്കുള്ള നഷ്ടപരിഹാരം.</u><br><br>1. പ്രായത്തിനും മാസവേതനത്തിനും ആനുപാതികമായ നഷ്ടപരിഹാരം (3,97,480/- രൂപ മുതൽ 9,14,160/- രൂപ വരെ).<br>2. ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷുറൻസ് പദ്ധതി പ്രകാരം 10 ലക്ഷം രൂപ, ഇൻഷ്വറൻസ് പദ്ധതിയുടെ നിബന്ധനകൾക്ക് വിധേയമായി സ്റ്റേറ്റ് ഇൻഷ്വറൻസ് ഡിപ്പാർട്ട്മെന്റിൽ നിന്നും ലഭിക്കുവാൻ അർഹതയുണ്ട്.<br><br>3.വൈദ്യുതി ബോർഡ് തൊഴിലാളി ക്ഷേമനിധിയിൽ നിന്നും മരണാനന്തര ആനുകൂല്യമായി 5 ലക്ഷം രൂപ ലഭിക്കുവാൻ അർഹതയുണ്ട്.<br>4.അപകടം സംഭവിക്കുന്ന ജീവനക്കാരന്റെ ആശ്രിതരിൽ ഒരാൾക്ക് വിദ്യാഭ്യാസ യോഗ്യത അനുസരിച്ച് ബോർഡിൽ ആശ്രിത നിയമനത്തിന് അർഹതയുണ്ട്.<br>5.ശവസംസ്കാര ചെലവിനായി 7,500/- രൂപയ്ക്ക് അർഹതയുണ്ട്.<br>6.കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിലെ ദീർഘകാല കരാർ പ്രകാരം പൂർണ്ണമായ മെഡിക്കൽ ചികിത്സാ ചെലവിനും അർഹതയുണ്ട്.<br><br>II. <u>കരാർ തൊഴിലാളികൾക്ക് നല്കുന്ന നഷ്ടപരിഹാരം</u><br>മൂന്ന് ലക്ഷം രൂപയിൽ കവിയാത്ത അടങ്കൽ തുകയുള്ള കരാർ ജോലികൾ ഏറ്റെടുത്തു നടത്തുന്ന ചെറുകിട കരാറുകാരുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികൾക്ക് 1923-ലെ തൊഴിലാളി നഷ്ടപരിഹാര നിയമം അനുസരിച്ച് താഴെ പറയുന്ന മരണാനന്തര നഷ്ടപരിഹാരം ലഭിക്കുന്നതിന് അർഹതയുണ്ട്.<br>1. മാസവേതനത്തിനും പ്രായത്തിനും ആനുപാതികമായ നഷ്ടപരിഹാരം 3,97,480/- രൂപ മുതൽ 9,14,160 രൂപ വരെ.<br>2.ശവസംസ്കാര ചെലവിനായി 5,000/- രൂപ<br>എംപ്ലോയീസ് കോമ്പൻസേഷൻ കമ്മീഷണർ പുറപ്പെടുവിക്കുന്ന ഉത്തരവ് പ്രകാരം നഷ്ടപരിഹാരം അനുവദിക്കുവാൻ കാലതാമസമുണ്ടാകുന്ന സാഹചര്യങ്ങളിൽ അപകടം സംഭവിച്ച ദിവസം മുതൽ അർഹമായ നഷ്ടപരിഹാരം നൽകുന്ന ദിവസം വരെയുള്ള കാലയളവിലേയ്ക്ക് നഷ്ടപരിഹാര |

| | |
|---|---|
| (സി) ഈ ജീവനക്കാരുടെ കുടുംബത്തിന്റെ അനാഥത്വം പരിഹരിച്ച് അവരുടെ കുടുംബത്തിന് ആശ്വാസം നൽകുന്ന തരത്തിലുള്ള ഇൻഷ്വറൻസ് പരിരക്ഷ, ആശ്രിതർക്ക് ജോലി, അടിയന്തര സഹായം എന്നിവ നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | തുകയുടെ 12 ശതമാനം പലിശയുൾപ്പെടെ ലഭിക്കുന്നതിന് മരണപ്പെടുന്നവരുടെ അനന്തരാവകാശികൾക്ക് അർഹതയുണ്ട്.<br><br>(സി) മുൻ കാലയളവുകളിൽ ഇൻഷ്വറൻസ് പരിരക്ഷ നൽകി വന്നിരുന്ന ദേശസാൽകൃത ഇൻഷ്വറൻസ് കമ്പനികൾ അകാരണമായി ക്ലെയിം അനുവദിക്കുന്നത് ദീർഘിപ്പിക്കുക, ചെറിയ /ദുർബലമായ കാരണങ്ങൾ ചൂണ്ടിക്കാട്ടി ക്ലെയിം നിരസിക്കുക, കോടതി ഉത്തരവുകൾ ലഭ്യമാകുന്നതുവരെ അനുവദിക്കാതിരിക്കുക, ക്രമാതീതമായി പ്രീമിയം തുക ക്ലെയിം നിരക്കുകൾക്ക് ആനുപാതികമല്ലാത്ത രീതിയിൽ വർദ്ധിപ്പിക്കുക മുതലായ കാരണങ്ങൾ ഉണ്ടായിട്ടുള്ളതു നിമിത്തം ഇൻഷ്വറൻസ് പരിരക്ഷ ലഭ്യമാക്കുന്നതിന് നിലവിൽ പരിമിതികൾ ഉള്ളതിനാലും, പിഴ പലിശയും പരാതികളും ഒഴിവാക്കി താമസം വിനാ നഷ്ടപരിഹാരം/ ആശ്വാസ ധനസഹായം അനുവദിക്കേണ്ടതിനാലും ഇപ്പോൾ അനുവദനീയമായ നഷ്ടപരിഹാര തുക കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഫണ്ടിൽ നിന്നും നൽകി വരുന്നു. അപകടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് ഇപ്പോൾ പരിഗണനയിൽ ഇല്ല.ജോലിക്കിടെ അപകടം സംഭവിച്ച് മരണപ്പെടുന്ന സ്ഥിരം ജീവനക്കാരുടെ ആശ്രിതർക്ക് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് ആശ്രിത നിയമനം നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ